**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 152** **22-02-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മുണ്ടക്കയത്ത് ഫയർ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടവും ഗ്യാരേജും പ്രയോജനപ്പെടുത്തി ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത കെട്ടിടം ഒരു ഫയർ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനാൽ ടി കെട്ടിടം അഗ്നിരക്ഷാ വകുപ്പിന് വിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വകുപ്പ് മേധാവി കത്ത് നൽകിയിരിക്കുകയാണ്. |
| (സി) | തുടർച്ചയായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മുണ്ടക്കയത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സ്ഥലത്തിന്റെ ലഭ്യത, ഫണ്ട് എന്നിവയ്ക്ക് വിധേയമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ